


മലയാള മനോരമ

Sunday, April 25, 2010 02:49 AM IST













# ഫോൺ ചോർത്താം; രാജ്യസുരക്ഷയ്ക്കു മാത്രം

സ്വന്തം ലേഖകൻ

Story Dated: Sunday, April 25, 2010 2:43 hrs IST

PRINT | MAIL |



ഭരണഘടനയ്ക്കും രാജ്യസുരക്ഷയ്ക്കും ഭീഷണിയുയർത്തുന്ന മട്ടിൽ പ്രവർത്തിക്കുന്നവരുടെ നീക്കങ്ങൾ കണ്ടെത്താൻ മാത്രമേ ഫോൺ ചോർത്താൻ നിയമം അനുവദിക്കുന്നുള്ളൂ. രാഷ്ട്രീയ എതിരാളികളുടെ നീക്കങ്ങൾ മനസ്സിലാക്കാനോ വ്യക്തിപരമായ വിവരങ്ങൾ ശേഖരിക്കാനോ പൊതുഖജനാവിലെ പണം ചെലവഴിച്ചു ഫോൺ ചോർത്താൻ രഹസ്യാന്വേഷണ ഏജൻസികളെ അധികാരപ്പെടുത്താനാവില്ല.

ദേശവിരുദ്ധ ശക്തികളുടെയോ വൻക്രിമിനലുകളുടെയോ നീക്കം മനസ്സിലാക്കാൻ ഫോൺ ചോർത്തേണ്ടത് അത്യാവശ്യമാണെങ്കിൽ സുരക്ഷാ ഏജൻസികൾ ആഭ്യന്തരവകുപ്പിന്റെ അനുമതി തേടണം. കേന്ദ്ര ആഭ്യന്തര സെക്രട്ടറിക്കോ സംസ്ഥാനത്തെ ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിക്കുന്ന സെക്രട്ടറിക്കോ മാത്രമാണ് അനുമതി നൽകാനുള്ള അധികാരം. 2007ൽ വരുത്തിയ മാറ്റം അനുസരിച്ച് ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ മാത്രം കേന്ദ്ര സർക്കാരിലെ ജോയിന്റ് സെക്രട്ടറി തലത്തിലുള്ള ഓഫിസർക്ക് അനുമതി നൽകാം. ആഭ്യന്തര സെക്രട്ടറിയുടെ നിർദേശാനുസരണം ബന്ധപ്പെട്ട ഫോൺ കമ്പനി ഇതിനായി ഏർപ്പാടുചെയ്യുന്ന ഏതെങ്കിലും ഉദ്യോഗസ്ഥന്റെ സഹായത്തോടെയാണു ഫോൺ ചോർത്തുന്നത്.

ക്രമസമാധാന ചുമതലയുള്ള ഐജിമാർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്കാണു ഫോൺ ചോർത്തലിന് അപേക്ഷ നൽകാനുള്ള അധികാരം. കേന്ദ്ര ആഭ്യന്തര മന്ത്രാലയം 2004ൽ പുറത്തിറക്കിയ ഉത്തരവുപ്രകാരം ചില അടിയന്തര ഘട്ടങ്ങളിൽ ഇവർക്കു ഫോൺ കമ്പനികളോടു നേരിട്ട് ഇക്കാര്യം ആവശ്യപ്പെടാം. പക്ഷേ, തൊട്ടുപിന്നാലെ ഇതു ശരിവച്ച് ആഭ്യന്തര സെക്രട്ടറിയുടെ കത്ത് അയയ്ക്കണമെന്ന നിബന്ധനയുണ്ട്. ഇന്റലിജൻസ് ബ്യൂറോയ്ക്കു പുറമേ കസ്റ്റംസ്, എൻഫോഴ്സ്മെന്റ്, ആദായനികുതി വകുപ്പുകളും ആവശ്യമെങ്കിൽ നിയമാനുസൃതമായി ഫോൺ ചോർത്താറുണ്ട്.

PRINT | MAIL |




RELATED ARTICLES

- ഐപിഎല്ലിനു പിന്നാലെ ഫോൺകുരുക്കും
- ഫോൺ ചോർത്തൽ വിവാദം: സർക്കാരിനെതിരെ ഒറ്റക്കെട്ടായി പ്രതിപക്ഷം
- കോൺഗ്രസ് മാപ്പു പറയണമെന്ന് എൻവൈെസി

LATEST NEWS IN THIS SECTION

- മൂന്നു സംസ്ഥാനങ്ങളിൽ മാവോയിസ്റ്റ് ബന്ദ്
- ഹമീദ് കർസായി ഇന്ന് ഡൽഹിയിലെത്തും

More stories »

OTHER STORIES IN THIS SECTION

- ലളിത് മോഡിക്കു സസ്പെൻഷൻ
- സസ്പെൻഷൻ നാടകീയം
- വിവാദങ്ങൾ, ഖണ്ഡനപ്രമേയം; സർക്കാർ പ്രതിരോധത്തിൽ
- ഡൽഹി മാളുകളിൽ വ്യാജ ബോംബ് ഭീഷണി
- ഫോൺ ചോർത്തൽ:അടിയന്തരാവസ്ഥയുടെ മടങ്ങി വരവെന്ന് അഡ്വാനി

More stories














©manoramaonline 2010